Draft #1 of File 60239/AC A1-2/2025/VC SECTION Approved by ASSISTANT REGISTRAR I (ACADEMIC) on 21-Jun-2025 01:02 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

വിവിധ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം - ഡി.എൽ.ഇ.ഡി, ബി.എഡ്, പി.ജി പ്രോഗ്രാം അവസാന സെമസ്റ്റർ പഠനം തുടരുന്ന വിദ്യാർത്ഥികൾക്ക് ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് (ടി.സി) ഹാജരാക്കുന്നതിനു ഇളവ് അനുവദിക്കുന്നത് സംബന്ധിച്ച തീരുമാനം - 2025-2026 അധ്യയനവർഷത്തേക്ക് കൂടി ബാധകമാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 5709/AC A 1/2025/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 21.06.2025

---

*പരാമർശം:*-1. സർവകലാശാല ഉത്തരവ് നമ്പർ . 5357/Ac A1/2024/എം .ജി.യു തീയതി 18.06.2024

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം, ഡി.എൽ.ഇ.ഡി, ബി.എഡ്, പി.ജി അവസാന സെമസ്റ്റർ പഠനം തുടരുന്ന വിദ്യാർത്ഥികൾക്ക്, വിവിധ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിന് ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് (ടി.സി) സമർപ്പിക്കുന്നതിനുള്ള അവസാന തീയതി പ്രസ്തുത അധ്യയന വർഷത്തെ പ്രവേശന നടപടികൾ പൂർത്തിയാകുന്നത് വരെ ഉപാധികളോടെ സാവകാശം അനുവദിച്ചിരുന്നു.

പ്രസ്തുത ഇളവ് 2025-2026 അധ്യയന വർഷത്തേക്ക് കൂടി നീട്ടികൊണ്ട് വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊഫസർ ഉത്തരവായിരിക്കുന്നു. തദനുസരണം **2025-26 അധ്യയന വർഷത്തെ പ്രവേശന നടപടികൾ പൂർത്തീകരിക്കുന്നത് വരെ** ചുവടെ ചേർക്കുന്ന നിബന്ധനകളോടെ വിവിധ പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനത്തിന് ഡി.എൽ.ഇ.ഡി, ബി.എഡ്, പി.ജി അവസാന സെമസ്റ്റർ പഠനം തുടരുന്ന വിദ്യാർത്ഥികൾക്ക് ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് (ടി.സി) സമർപ്പിക്കുന്നതിനു സാവകാശം അനുവദിച്ചിരിക്കുന്നു .

1.ഇത്തരത്തിൽ നൽകുന്ന ഇളവ് 2025 -'26 അക്കാദമിക വർഷത്തേക്കുമാത്രമായി നിജപ്പെടുത്തുന്നു.

2.ഇത്തരത്തിൽ പ്രവേശനം ലഭിച്ച പ്രോഗ്രാമിന്റെ ഒന്നാം സെമസ്റ്റർ പരീക്ഷ എഴുതുന്നതിനാവശ്യമായ മിനിമം അറ്റന്റൻസ് അപേക്ഷകൻ തന്നെ ഉറപ്പ് വരുത്തേണ്ടതാണ്.

3.പ്രവേശനം ക്ലോസ് ചെയ്യുന്നതിന് മുൻപായി ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് (ടി.സി) സമർപ്പിച്ചുകൊള്ളാമെന്ന സത്യവാങ്മൂലത്തിന്റെ അടിസ്ഥാനത്തിലും, പ്രവേശനത്തിനാവശ്യമായ

മറ്റ് സാക്ഷ്യപത്രങ്ങളുടെ അസ്സൽ ലഭ്യമാക്കുന്ന മുറയ്ക്കും ഇത്തരം അപേക്ഷകർക്ക് പ്രവേശനം നൽകാവുന്നതാണ്.

4.ഇത്തരത്തിൽ നൽകപ്പെടുന്ന പ്രവേശനം തികച്ചും താൽക്കാലികമായിരിക്കുന്നതും , ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് (ടി.സി) -ന്റെ അസ്സൽ ലഭിക്കുന്ന മുറയ്ക്ക് സ്ഥിരപ്പെടുത്തുന്നതുമായിരിക്കും .

5.മേൽ പരാമർശ ഇളവുകൾക്ക് ഇതുമായി ബന്ധപ്പെട്ട സർവ്വകലാശാല ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതി മുതൽ മാത്രമേ പ്രാബല്യം ഉണ്ടായിരിക്കുകയുള്ളൂ .

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ശ്രീജിത്ത് ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.അഫിലിയേറ്റഡ് കോളേജുകൾ/ പഠന വകുപ്പുകൾ
2.വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
3.രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/പരീക്ഷ കൺട്രോളർ എന്നിവരുടെ പി.എ.മാർ
4.എആർ/ഡി.ആർ./ജെ.ആർ(പരീക്ഷ / ഫിനാൻസ് / അക്കാദമിക് )
5.പി.ആർ.ഒ / എൻക്വയറി/ ഐ.ക്യൂ.എ .സി /ഐ.റ്റി.സെൽ 1/2
6.എ സി ബി 7/ഇന്റേണൽ ഓഡിറ്റ് 1/2 / യൂണിവേഴ്സിറ്റി വെബ് സൈറ്റ്
6.എസിസി I /എസിസി II / ആക്ഷൻ ടേക്കൺ റിപ്പോർട്ട്
7.റെക്കോർഡ് സെക്ഷൻ / കരുതൽ ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 60239/AC A1-2/2025/VC SECTION Approved by ASSISTANT REGISTRAR I (ACADEMIC) on 21-Jun-2025 01:02 PM - Page 2